## പതിമൂന്നാം കേരളനിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5133** | **5.7.2012 ൽ മറുപടിയ്ക്ക്**

### സോളാർ ഹോം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 'സോളാർ ഹോം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; <br>(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) & (ബി) ഈ വർഷം അനെർട്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന സോളാർ ഹോം പദ്ധതിയിലൂടെ 10,000 വീടുകളുടെ മേൽക്കൂരയിൽ ഒരു കിലോവാട്ടിന്റെ സോളാർ ഫോട്ടോ വോൾട്ടായ്ക്ക് പവർ പ്ലാന്റുകൾ സ്ഥാപിച്ച് പ്രതിദിനം ഏകദേശം 50000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും; ഇതിലൊരു ഭാഗം ബാറ്ററി-ഇൻവെർട്ടർ സംവിധാനത്തിലൂടെ സന്ധ്യാസമയത്ത് ഉപയോഗിച്ച് പീക്ക് ലോഡ് കുറയ്ക്കുന്നതിനും; കെ.എസ്.ഇ.ബി ശൃംഖലയിൽ നിന്നും ഉപയോഗിക്കുന്ന ഏകദേശം 50000 യൂണിറ്റ് വൈദ്യുതി പ്രതിദിനം ലാഭിക്കുന്നതിനും; വിതരണ ശൃംഖലയിലെ വോൾട്ടേജ് ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും;ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഒരു കിലോവാട്ടിന്റെ ഒരു പ്ലാന്റിന് ഏകദേശം 2.2 മുതൽ 2.5 ലക്ഷം രൂപ വരെ ചെലവു വരുന്നതിൽ 1.2 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി നൽകത്തക്ക വിധമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അന്തിമ അനുവാദം കിട്ടിയാലുടൻ പദ്ധതി തുടങ്ങുന്നതാണ്. |

സെക്ഷൻഓഫീസർ